(ഡി) എത്ര ഭരണാനുമതികൾ പുനഃപരിശോധിച്ചതിന് ശേഷം റദ്ദ് ചെയ്യുകയുണ്ടായിട്ടുണ്ട് ;

(ഇ) തന്നാണ്ടിൽ തൽകിയ ഭരണാനുമതിപ്രകാരമുള്ള പദ്ധതികളിൽ ഏതെങ്കിലും നടപ്പിലാക്കുകയുണ്ടായിട്ടുണ്ടോ ; അവശേഷിക്കുന്നവ എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

നികുതി പിരിവിലുണ്ടായിട്ടുള്ള വീഴ്ച പരിഹരിക്കുന്നതിന് നടപടി

166 (506) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും നികുതി ഇനത്തിൽ പിരിച്ചെടുക്കുവാൻ തീരുമാനിച്ച തുക എത്രയെന്നും പിരിച്ചെടുത്ത തുക എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) നടപ്പു സാമ്പത്തിക വർഷം എത്ര തുക നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ തീരുമാനിച്ചു ; ആയതിൽ 2014 ഒക്ടോബർ 31 വരെ എത്ര തുക പിരിച്ചെടുക്കുവാൻ കഴിഞ്ഞു ; വ്യക്തമാക്കുമോ ;

(സി) ഈ സാമ്പത്തിക വർഷം നികുതി പിരിവിൽവന്ന ചോർച്ചയും ചെക്ക്പോസ്റ്റുകളിൽ വ്യാപിച്ചുവരുന്ന അഴിമതിയും മൂലം നികുതി പിരിവിൽ സംഭവിച്ചിട്ടുള്ളതു പരിഹരിക്കാൻ അടിയന്തരമായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ഇതിന്റെ ഭാഗമായി ഏതെല്ലാം ഉദ്യോഗസ്ഥരുടെ വീഴ്ചകൾ സർക്കാർ കണ്ടെത്തിയെന്ന് വ്യക്തമാക്കുമോ ; അവർക്കെതിരെ എന്ത നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ;

(ഇ) നടപ്പുസാമ്പത്തിക വർഷം നികുതി പിരിവിലെ ഗുരുതരമായ വീഴ്ചകൾ കണ്ടെത്തുവാൻ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ കണ്ടെത്തലുകൾവഴി സർക്കാരിന് എത്ര കോടി നാളിതുവരെ ഫൈൻ ഇനത്തിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ& ബി) 2011-12 മുതൽ 2014-15 (2014 സെപ്റ്റംബർ വരെ) വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് തനത് നികുതി ഇനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരവും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരവും പ്രതീക്ഷിച്ച വരുമാനം, ലഭിച്ച യഥാർത്ഥ വരുമാനം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ബഡ്ജറ്റ് എസ്റ്റിമേറ്റ് (Crores)	പുതുക്കിയ എസ്റ്റിമേറ്റ് (Crores)	അക്കൗണ്ട്സ് (യഥാർത്ഥ വരുമാനം) (Crores)
2011-12	26641.53	26446.28	25718.6
2012-13	32122.21	31702.44	30076.61
2013-14	38771.1	35542.96	31995.02
2014-15	42467.49	-	16948.13 (2014 സെപ്റ്റംബർ വരെ)

(സി) നികുതി പിരിവിൽ സ്തംഭനം വന്നിട്ടില്ല. ചെക്ക്പോസ്റ്റ് പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇത് രേഖ പരിശോധനയിൽ ചുരുങ്ങാതെ, സെലക്ടീവായി വിശദമായ ഫിസിക്കൽ വെരിഫിക്കേഷൻ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ചെക്ക്പോസ്റ്റുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ റേക്ക് ഓവറും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
584/16

LIBRARY ARCHIVES Kerala Legislative Assembly

ഓവർചെക്കിംഗും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിനകത്തെ ചരക്ക വാഹനങ്ങളുടെ പരിശോധനയും കർശനമാക്കിയിട്ടുണ്ട്. Economic Intelligence Wing പുറം ഏജൻസികളിൽനിന്നും ശേഖരിക്കുന്ന രേഖകൾ ഡീലർമാരുടെ റിട്ടേണുകളുമായി ഒത്തുനോക്കി നികുതി വെട്ടിപ്പുകൾ കണ്ടുപിടിക്കുന്നുണ്ട്. നികുതി വെട്ടിപ്പിന് കൂടുതൽസാധ്യതയുള്ള ചരക്കുകളിൽമുൻകൂർനികുതി ഏർപ്പെടുത്തുകയും ആയതിന്റെ തറവില സമയാസമയങ്ങളിൽപുനർനിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ആദായ നികുതി, കസ്റ്റംസ് തുടങ്ങിയ കേന്ദ്ര ഏജൻസികളുമായി സഹകരിച്ച് 360 ഡിഗ്രി മോണിറ്ററിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. അവരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.*

(ഇ) നടപ്പുസാമ്പത്തിക വർഷം നികുതി നിർണ്ണയത്തിലെ അപാകതകൾ വകുപ്പിലെ ഇന്റേണൽ ആഡിറ്റ് വിഭാഗവും അക്കൗണ്ടന്റ് ജനറലും ചൂണ്ടി ക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയംനടത്തി നികുതി പിരിച്ചെടു ക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇന്റലിജൻസ് വിഭാഗം വാഹന പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾക്കനുസൃതമായി സർക്കാരിന് 21.54 ലക്ഷം രൂപ നാളിതുവരെ സെക്യൂരിറ്റി ഡെപ്പോസിറ്റായി ലഭിച്ചിട്ടുണ്ട്.

വാണിജ്യ നികുതി വകുപ്പിന്റെ ആംനസ്റ്റി പദ്ധതി

167 (507) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിജ്യ നികുതി വകുപ്പ് ആംനസ്റ്റി പദ്ധതി നടപ്പാക്കിയത് എപ്പോൾ മുതലാണ്;

(ബി) ആംനസ്റ്റി പദ്ധതിയുടെ ലക്ഷ്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഏതു കാലാവധി വരെയാണ് പദ്ധതി നടപ്പിലാക്കിയത് ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം എത്ര തുകയുടെ ഇളവുകളാണ് വ്യാപാരികൾക്കു നൽകിയതെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം എത്ര തുകയുടെ കുടിശ്ശിക പിരിച്ചെടുത്തുവെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly